**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2923** **22-01-2021 - ൽ മറുപടിയ്ക്ക്**

**പുതിയ ബാറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Shri. T. P . Ramakrishnan**<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര ബാറുകൾ പ്രവർത്തിച്ചിരുന്നു എന്ന് അറിയിക്കുമോ; | (എ) | മുൻസർക്കാരിന്റെ കാലത്ത് 2014-15 വർഷം സംസ്ഥാനത്ത് 748 ബാറുകൾ പ്രവർത്തിച്ചിരുന്നു. പ്രസ്തുത കാലയളവിൽ നിലവിൽ വന്ന അബ്കാരി നയത്തിന്റെ അടിസ്ഥാനത്തിൽ 5 സ്റ്റാർ ക്ലാസിഫിക്കേഷൻ ഉള്ള 29 ബാർ ലൈസൻസ് ഒഴികെയുള്ളവ റദ്ദ് ചെയ്യുകയും റദ്ദ് ചെയ്ത ബാർ ഹോട്ടലുകൾക്ക് മുൻ സർക്കാരിന്റെ കാലത്ത് ബിയർ & വൈൻ ലൈസൻസ് അനുവദിച്ചിട്ടുള്ളതുമാണ് . അപ്രകാരം മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ സംസ്ഥാനത്ത് 29 ബാർ ഹോട്ടലുകളും 813 ബിയർ & വൈൻ പാർലറുകളും പ്രവർത്തിച്ചിരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 മെയ് മുതൽ 2020 ഡിസംബർ വരെ എത്ര പുതിയ ബാറുകൾക്ക് ലൈസൻസുകൾ നൽകി; എത്രയെണ്ണം അടച്ചുപൂട്ടി; കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2016 മെയ് മുതൽ 2020 ഡിസംബർ വരെ 182 പുതിയ ഹോട്ടലുകൾക്ക് ബാർ ലൈസൻസുകൾ നൽകി . ബാറുകൾ ഒന്നും തന്നെ ഈ സർക്കാർ അടച്ചുപൂട്ടിയിട്ടില്ല. |
| (സി) | സംസ്ഥാനത്ത് ഇനിയും പുതിയ ബാറുകൾക്ക് ലൈസൻസ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | അബ്കാരി നിയമത്തിനും വിദേശമദ്യച്ചട്ടത്തിനും അനുസൃതമായി ബാർലൈസൻസുകൾക്കായി വരുന്ന അപേക്ഷകളിൽ , സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെയും വ്യാജമദ്യത്തിന്റെയും വിതരണവും വ്യാപനവും പരമാവധി കുറയ്ക്കുന്നതിന്റെയും വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിന്റെയും ഭാഗമായി നിലവിലെ അബ്കാരി നയപ്രകാരം നിയമാനുസരണനടപടികൾ സ്വീകരിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ